5.	സൗജന്യ യൂണിഫോം	10,500
6.	ഉച്ചഭക്ഷണം	52,600
7.	ബയോ ഡൈവേഴ്സിറ്റി ക്യാമ്പസ്	160
8.	ഓട്ടിസം പാർക്ക്	41
9.	ഡയറ്റ്	3,000

അടിസ്ഥാന സൗകര്യ വികസന പദ്ധതിയിലൂടെ സ്കൂളുകളുടെ നവീകരണത്തിനായി വകയിരുത്തിയിട്ടുള്ള തുക വിനിയോഗിക്കുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്.

പ്രീപ്രൈമറി വിഭാഗം അദ്ധ്യാപകരുടെ വേതനം

168(2524) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചത് വിദ്യാലയങ്ങളിൽ മികച്ച പ്രീപ്രൈമറി ക്ലാസുകൾ ഏർപ്പെടുത്തിയതുകൂടി കൊണ്ടാണെന്നതിൽ സർക്കാരിന്റെ വിലയിരുത്തൽ അറിയിക്കാമോ?

മികച്ച പ്രീപ്രൈമറി ക്ലാസ്സുകൾ ഏർപ്പെടുത്തിയതുമൂലം കൂടുതൽ കുട്ടികൾ പ്രീപ്രൈമറി ക്ലാസ്സുകളിൽ എത്തുകയും ഈ കുട്ടികൾ തുടർന്നും സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടുന്ന പ്രവണതയാണ് കാണുന്നത്.

(ബി) പൊതുവിദ്യാലയങ്ങളിലെ പ്രീപ്രൈമറി വിഭാഗം അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ എന്തെല്ലാമെന്ന് നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പൊതുവിദ്യാലയത്തിലെ പ്രീപ്രൈമറി വിഭാഗം അദ്ധ്യാപികമാർക്കും ആയമാർക്കും ഒരുവർഷത്തിൽ 15 ആകസ്മിക അവധിയും ഓണറേറിയത്തോടുകൂടി ആറുമാസം പ്രസവാവധിയും കൂടാതെ കാൻസർ പോലുള്ള മാരകരോഗം ബാധിച്ചവരുടെ കാര്യത്തിൽ സ്പെഷ്യൽ കാഷ്വൽ ലീവിന്റെ വ്യവസ്ഥകൾക്കനുസരിച്ച് ഓണറേറിയത്തോടുകൂടിയുള്ള അവധിയും അനുവദിച്ച് ഉത്തരവ് നിലവിലുണ്ട്. [7-9-2017-ലെ സർക്കാർ ഉത്തരവ് (കൈ) 110/2017/പൊ.വി.വ.] സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.ടി.എ.-യുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന അംഗീകൃത

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രീപ്രൈമറി ജീവനക്കാർക്ക് സർക്കാർ ഓണറേറിയം നൽകിവരുന്നുണ്ട്. നിലവിൽ 3-2-2021-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ1047/2021/പൊ.വി.വ പ്രകാരം താഴെപ്പറയുന്ന രീതിയിൽ പ്രതിമാസ ഓണറേറിയമായി അനുവദിച്ചുവരുന്നു. 10 വർഷത്തിൽ താഴെ സേവനമുള്ള അദ്ധ്യാപകർക്ക് 12,000 രൂപ. 10 വർഷത്തിന് മുകളിൽ സേവന കാലയളവുള്ള അദ്ധ്യാപകർക്ക് 12,500 രൂപ. 10 വർഷത്തിൽ താഴെ സേവനമുള്ള ആയമാർക്ക് 7,000 രൂപ. 10 വർഷത്തിന് മുകളിൽ സേവന കാലയളവുള്ള ആയമാർക്ക് 7,500 രൂപ.

(സി) പൊതുവിദ്യാലയങ്ങളിൽ വർഷങ്ങളായി ശമ്പളമില്ലാതെ ജോലി നോക്കുന്ന പ്രീപ്രൈമറി വിഭാഗം അദ്ധ്യാപകരുടെ വേതനം ഈ മഹാമാരി കാലഘട്ടത്തിലെ വരുതികൾ പരിഗണിച്ചെങ്കിലും അനുവദിച്ചുനൽകുന്നതിന് നടപടികൾ സ്വീകരിക്കാമോ; ഉദ്ദേശിത നടപടികൾ വിശദമാക്കാമോ?

സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.ടി.എ.-യുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി സ്കൂളുകളിൽ 1-8-2012-ൽ സേവനത്തിലുണ്ടായിരുന്ന എല്ലാ പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും ഓണറേറിയം നൽകിവരുന്നുണ്ട്. ഇതിനുശേഷം പ്രീ-പ്രൈമറികൾ ആരംഭിക്കരുതെന്ന് സർക്കാർ നിർദ്ദേശമുണ്ട്. ഈ നിർദ്ദേശത്തിന് വിരുദ്ധമായി പി.ടി.എ. ആരംഭിച്ചിട്ടുള്ള പ്രീ-പ്രൈമറികളിലെ അദ്ധ്യാപകർക്കും ആയമാർക്കുമാണ് സർക്കാർ ഓണറേറിയം ലഭിക്കാത്തത്.

(ഡി) പൊതു വിദ്യാലയങ്ങളിലെ പ്രീ-പ്രൈമറി വിഭാഗം ക്ലാസ്സുകൾ അഭിലഷണീയമായ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ക്രിയാത്മകമായ സഹകരണം ഉറപ്പുവരുത്താമോ; പ്രീ-പ്രൈമറി വിഭാഗം അദ്ധ്യാപകർക്ക് യഥാസമയം വേതനം നൽകുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

നിലവിൽ സർക്കാർ സ്കൂളുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെകൂടി അധികാരപരിധിയിൽ വരുന്നതാണ്. സംസ്ഥാനത്തെ സർക്കാർ സ്കൂളുകളോടനുബന്ധിച്ച് അദ്ധ്യാപക-രക്ഷാകർതൃ സമിതികളുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന അംഗീകൃത പ്രീപ്രൈമറി വിഭാഗത്തിലെ അദ്ധ്യാപകർക്കും ആയമാർക്കുമാണ് നിലവിൽ സർക്കാർ ഓണറേറിയം നൽകിവരുന്നത്. ടി ജീവനക്കാർക്ക് സർക്കാർ ഘട്ടംഘട്ടമായി ഓണറേറിയം തുക വർദ്ധിപ്പിച്ച് നൽകിവരുന്നു.